# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5221 — 02.07.2013 ൽ മറുപടിയ്ക്ക്

## അധിക വിഭവ സമാഹരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്ക്, ടി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള നിശ്ചിത മൂലധന പര്യാപ്തത (CRAR), 30.06.2013 ന് കുറഞ്ഞത് 4% ഉം, 31.03.2014 ന് 7% ഉം കൈവരിക്കണമെന്ന് ഭാരതീയ റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുണ്ട്. ടി മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി അധിക വിഭവ സമാഹരണം നടത്തുന്നതിന് ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഭാരതീയ റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത മൂലധന പര്യാപ്തത കൈവരിച്ച് ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസ് നിലനിർത്തുകയാണ് ഈ വിഭവ സമാഹരണത്തിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (സി) ബാങ്കിന്റെ മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിയിൽ എന്തെല്ലാം | (സി) ബാങ്കിന്റെ മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കുടിശ്ശിക കുറച്ച് ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഊർജ്ജിത |

| | | |
|---|---|---|
| | വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | ശ്രമങ്ങളോടൊപ്പം അംഗ സംഘങ്ങളായ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും പരമാവധി ഓഹരി സമാഹരിക്കുക, സംസ്ഥാന സർക്കാരിൽ നിന്നും ഓഹരിയിനത്തിൽ ധനസഹായം ലഭ്യമാക്കുക എന്നീ വിഷയങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ? | (ഡി) ഇതിലേയ്ക്കായി അംഗസംഘങ്ങളായ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും പരമാവധി ഓഹരി സമാഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം അംഗങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എടുക്കുന്ന വായ്പയുടെ ഓഹരി അനുപാതം 1% എന്നത് 2% ആയി വർദ്ധിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കൂടാതെ സർക്കാരിന്റെ 27.06.2013 ലെ സ.ഉ (സാധാ) നം. 418/2013/സഹ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന് സർക്കാർ ഓഹരിയായി 70 കോടി രൂപ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ